# MATHRUBHUMI

**Kerala Tourism holds roadshows in Europe**

**Date :** 22.11.2019 | **Edition : Trivandrum** | **Page :** 14 | **Clip size (cm) : W:** 13 **H:** 12

---

# യൂറോപ്പിൽ സാന്നിധ്യമറിയിച്ച് കേരള ടൂറിസം

## ഡബ്ല്യു.ടി.എമ്മിൽ പങ്കാളിത്തം, വിവിധ രാജ്യങ്ങളിൽ റോഡ്ഷോ

**തിരുവനന്തപുരം** ▸ കേരളത്തിലേക്ക് ഏറെ സഞ്ചാരികളെ എത്തിക്കുന്ന യൂറോപ്പിലെ വിപണി വിപുലീകരിക്കുന്നതിന്റെ ഭാഗമായി ലണ്ടനിലെ വേൾഡ് ട്രാവൽ മാർക്കറ്റിൽ(ഡബ്ല്യു.ടി.എം.) കേരള ടൂറിസം സാന്നിധ്യമറിയിച്ചു. നിരവധി റോഡ്ഷോകളിലും പങ്കെടുത്തു. ഡെൻമാർക്കിലെയും ഫിൻലാൻഡിലെയും വിപണികളിൽ ആകർഷകമായ ഉത്പന്നങ്ങളും അവതരിപ്പിച്ചു.

ടൂറിസം വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും സംസ്ഥാനത്തെ ഹോട്ടൽ, റിസോർട്ട്, ടൂർ ഓപ്പറേറ്റർ, സേവനദാതാക്കൾ എന്നിവരുടെ പ്രതിനിധികളുമടങ്ങിയ സംഘത്തെ ഡബ്ല്യു.ടി.എമ്മിലും കോപ്പൻഹേഗൻ (ഡെൻമാർക്ക്), ഹെൽസിങ്കി (ഫിൻലാൻഡ്) റോഡ്ഷോകളിലും ടൂറിസം ഡയറക്ടർ പി.ബാലകിരൺ ആണ് നയിച്ചത്. അടുത്തിടെ പുറത്തിറക്കിയ 'ഹ്യൂമൻ ബൈ നേച്ചർ' എന്ന ഹ്രസ്വചിത്രത്തിലെ ആശയം പ്രമേയമാക്കി 120 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള പവിലിയനാണ് കേരള ടൂറിസം സജ്ജമാക്കിയത്.

ടൂർ ഓപ്പറേറ്റർമാർ, പ്രമുഖ യാത്രാ പ്രസിദ്ധീകരണങ്ങളിലെ മാധ്യമപ്രവർത്തകർ, ദീർഘദൂര ടൂർ ഓപ്പറേറ്റർമാർ തുടങ്ങിയവരുമായി പവിലിയനിൽ ചർച്ചകൾ നടന്നു. കേരള സംഘാംഗങ്ങൾ ഈ മേഖലകളിലെ പ്രതിനിധികളുമായി ബിസിനസ് ടു ബിസിനസ് മീറ്റിങ്ങുകളും നടത്തി.

ഹെൽസിങ്കിയിലെ റോഡ്ഷോയിൽ ടൂറിസം ഡയറക്ടർ ഫിൻലൻഡിലെ വ്യാപാരികൾക്കു മുന്നിൽ അവതരണം നടത്തി. കേരള സംഘാംഗങ്ങൾക്ക് ആ രാജ്യത്തെ ടൂർ ഓപ്പറേറ്റർമാരുമായും യാത്രാ പ്രസിദ്ധീകരണങ്ങളുമായും സംവദിക്കുന്നതിനുള്ള അവസരം ലഭിച്ചു.

ഫിൻലാൻഡിലെ ഇന്ത്യൻ എംബസി ഫസ്റ്റ് സെക്രട്ടറി നിർമൽ കുമാർ ചൗധരി മുഖ്യാതിഥിയായിരുന്നു. കഴിഞ്ഞമാസം പോളണ്ടിലെ വാഴ്സായിലും ഹംഗറിയിലെ ബുഡാപെസ്റ്റിലും റോഡ്ഷോകൾ നടന്നിരുന്നു.




▶ ലണ്ടനിലെ വേൾഡ് ട്രാവൽ മാർക്കറ്റിന്റെ ഇൻസ്പിരേഷൻ സോണിൽ ടൂറിസം ഡയറക്ടർ പി.ബാലകിരൺ പ്രസംഗിക്കുന്നു